Minister for Education, Labour and Civil Supplies (**Sri. Panampilli Govinda Menon**): No. It may however be stated that with effect from 1st April 1950, the Employment Exchange of the State is run by this Government on an agency basis, this Government meeting the entire expenditure in the first instance and recovering from the Central Government 60 per cent of the expenditure minus accommodation charges, towards the close of the financial year.

ജനയക്കമ്മിറ്റി റിപ്പോർട്ട്

* ൪൨൩. (൪൨൨) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ജനയക്കമ്മിറ്റി റിപ്പോർട്ട് ഗവണ്മെൻറിനു ലഭിച്ചോ;

(ബി) അതു് പ്രസിദ്ധം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ; എപ്പോൾ പ്രസിദ്ധം ചെയ്യും?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) റിപ്പോർട്ട് കിട്ടിയതിനശേഷം ഇതേപ്പറ്റി ആലോചിക്കുന്നതാണു്.

നികുതി

* ൪൨൪. (൪൨൭) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ വിഭാഗത്തിലേയും കൊച്ചി വിഭാഗത്തിലേയും നികുതി (കരം) യുടെ വ്യത്യസ്തരീതി എപ്പോൾ മാറുമെന്നു പറയാമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ജനയ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാലുടൻ സംസ്ഥാനത്തെ നികുതി നയം സംബന്ധിച്ചു് വേണ്ട തീർച്ച ചെയ്യുന്നതാണു്.

പിന്നോക്കസമുദായക്കാർക്കായി നീക്കിവച്ചിട്ടുള്ള പുറംപോക്കുസ്ഥലങ്ങൾ

* ൪൨൫. (൪൨൮) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊട്ടാരക്കര താലൂക്കിൽ പിന്നോക്ക സമുദായക്കാർക്കു ഗവണ്മെൻറിൽനിന്നും നീക്കിവച്ചിട്ടുള്ള പുറംപോക്കു ഭൂമിഎത്ര;

(ബി) അവ ഏതേതു പകുതികളിൽ എത്ര വീതം;

(സി) അപ്രകാരമുള്ള ഭൂമിയിൽ അതിനർഹതയുള്ളവർ പ്രവേശിക്കുന്നതിനു തടസ്സമുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൨൩, ൧൪ എക്കർ ൭൫ സെൻറ്.

	പകുതി.	എ.	സെ.
(ബി)	മേലില	൪ ൦	൩൫
	വെട്ടിക്കവല	൧൯ ൨	—
	കൊട്ടാരക്കര	൨൩ ൧൪	—

LIBRARY ARCHIVES Kerala Legislative Assembly

പകതി	എ.	സെ.
കളക്കട	൧൫൩	൧൨
എഴകോൺ	൩൪൪	—
വെളിയം	൧൨൦	൧൪
ഉമ്മന്നൂർ	൧൧൧	൩൭
വെളിനല്ലൂർ	൧൪൩	—
ചടയമംഗലം	൧൩൭	൬൦
കുമ്മിൾ	൧൩൪	൩൧
മൈലം	൩൩	൩

(സി) നിയമപ്രകാരമുള്ള അനുവാദത്തോടുകൂടി പ്രവേശിക്കാം.

പുറംപോക്കുസ്ഥലങ്ങൾ

*൫൯൪. (൫൩) ശ്രീ. ആർ. അച്യുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടിപറയുമോ.—

(എ) കൊട്ടാരക്കര താലൂക്കിന്റെ പലഭാഗങ്ങളിലുള്ള പുറംപോക്കു സ്ഥലങ്ങളിൽ പ്രവേശിച്ചു് ദേഹണ്ഡിക്കുന്ന സാധുക്കളെ ഇറക്കിവിട്ടു് സ്വാധീനശക്തിയുള്ളവർക്കു് കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുത്തുവരുന്നുവെന്നുള്ള പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഭൂമിയെടുപ്പു്

*൫൩൦. (൫൯) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(ബി) പത്തനംതിട്ട താലൂക്കിൽ പേന്നു റാന്നി അങ്ങാടി പമ്പിക്കു് വരത്തയിൽനിന്നും ഏറുകടവിലേക്കുള്ള ഇടുങ്ങിയ വഴി വീതികൂട്ടുന്നതിനാവശ്യമായ ഭൂമി എടുത്തു് സഹായിക്കുന്നതിനും, അതിന്റെ പൊന്നും വില കെട്ടിവയ്ക്കാൻ സമ്മതിച്ചു, റാന്നി വില്ലേജ് യൂണിയനു് നേരിട്ടു് അപേക്ഷകരും ബോധിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ എന്തു നടപടികളും കൈക്കൊണ്ടു?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഗവൺമെൻറിലേക്കു് എടുത്തിട്ടുള്ള നെല്ലു്

*൫൩൫. (൬൦) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും സിവിലിസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൯ മാച്ചിനുശേഷം തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങളിലായി എത്ര പറ നെല്ലു് താലൂക്കടിസ്ഥാനത്തിൽ ഏറ്റെടുത്തു;

LIBRARY ARCHIVES Kerala Legislative Assembly